## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.340** **30.11.2015-ൽ മറുപടിയ്ക്ക്**

## നാഷണൽ ഗെയിംസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.അജിത്** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) കേരളത്തിൽ നടന്ന ദേശീയ ഗെയിംസിനായി ആകെ എത്ര തുകയാണ് ചെലവഴിച്ചതെന്നും ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്ര വീതമെന്നും വ്യക്തമാക്കുമോ ; | (എ) 35-ാം ദേശീയ ഗെയിംസിന്റെ മത്സരയിനങ്ങൾ, സംഘടിപ്പിക്കപ്പെട്ട വേദികളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ, മേളയുടെ ഉദ്ഘാടന സമാപന ചടങ്ങുകൾ, കായിക ഉപകരണങ്ങൾ വാങ്ങൽ, ഗെയിംസ് വില്ലേജ് നിർമ്മാണം, താൽക്കാലിക നിർമ്മിതികൾ ഉൾപ്പെടെയുള്ള എല്ലായിനങ്ങൾക്കുമായി ആകെ 449.66 കോടി രൂപയാണ് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. ഈ ചെലവുകളിൽ കേരളത്തിന്റെ കായികരംഗത്തെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ദേശീയ ഗെയിംസിന്റെ വേദിയല്ലാത്ത സ്റ്റേഡിയങ്ങളുടെ നിർമ്മാണ നവീകരണത്തിനായി ചെലവഴിച്ച 18.09 കോടി രൂപയും ഗെയിംസിന്റെ പ്രചരണത്തിന്റെ ഭാഗമായി സച്ചിൻ ടെൻഡുൽക്കറും കേരളത്തിലെ മൂന്നിലൊന്നു ജനങ്ങളും കൂടി പങ്കെടുത്ത റൺ കേരള റണ്ണിനും അതിന്റെ പരസ്യത്തിനുമായി ചെലവഴിച്ച തുകയും ഉൾപ്പെടുന്നു.<br>ദേശീയ ഗെയിംസിന്റെ നടത്തിപ്പിനും കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ അനുബന്ധജോലികൾ നടത്തിയ വകയിലും ആകെ 456.84 കോടി രൂപ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ 128.78 കോടി രൂപ (7.78 കോടി എ.സി.എ ഉൾപ്പെടെ) കേന്ദ്രവിഹിതവും 328.06 കോടി രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടുന്നു. കൂടാതെ ദേശീയ ഗെയിംസ് വേദികളിലേയ്ക്കുള്ള റോഡുകളുടെ നവീകരണത്തിനായി 50 കോടി രൂപയും ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോ ; ഇല്ലെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് അവശേഷിക്കുന്നതെന്ന വ്യക്തമാക്കുമോ ; | (ബി) | 35-ാം ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായിട്ടാണ് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് രൂപീകരിക്കപ്പെട്ടത്. ദേശീയ ഗെയിംസ് വിജയകരമായി സംഘടിപ്പിക്കപ്പെട്ടെങ്കിലും ഗെയിംസുമായി ബന്ധപ്പെട്ടുള്ള ചെലവുകളുടെ ഏകദേശം 40 കോടി രൂപയുടെ ബില്ലുകൾ കൂടി കൊടുത്തു തീർക്കാനുണ്ട്. കൂടാതെ ഗെയിംസ് വില്ലേജിന്റെ പൊളിച്ചുമാറ്റൽ, ഗെയിംസിനും അനുബന്ധപ്രവർത്തനങ്ങൾക്കുമായി വാങ്ങിയ സാധനസാമഗ്രികളുടെ കായിക ആവശ്യങ്ങൾക്കും സർക്കാർ വകുപ്പുകൾക്കുള്ള വിതരണം എന്നിവയും പൂർത്തിയാക്കാനുണ്ട്. ലോക്കൽ ഫണ്ട് ആഡിറ്റ്, അക്കൗണ്ടന്റ് ജനറൽ എന്നിവയുടെ ആഡിറ്റ് റിപ്പോർട്ടുകളുടെ മറുപടിയും തയ്യാറാക്കി വരുന്നു. ഇതു കൂടാതെ ഏകദേശം 75 കോടി രൂപയ് ക്കുള്ള ഗെയിംസിതര പ്രോജക്ടുകളും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ ചുമതലയിൽ അവശേഷിക്കുന്നുണ്ട്. |
| (സി) | നാഷണൽ ഗെയിംസിനായി തയ്യാറാക്കിയ സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനത്തിനായി സംസ്ഥാന കായിക വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന വ്യക്തമാക്കുമോ ; | (സി) | 24/02/2015 ലെ സ.ഉ(കൈ) നം.9/2015/കാ.യു.വ പ്രകാരം ദേശീയ ഗെയിംസിനായി ഏറ്റെടുത്ത വേദികളുടെ പരിപാലനം, ക്രമീകരണം എന്നിവ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് **അനുബന്ധ**മായി ചേർക്കുന്നു. |
| (ഡി) | നാഷണൽ ഗെയിംസിനായി അനുവദിച്ച തുക ഇതിന്റെ തുടർ പരിപാലനത്തിനായി വകകൊള്ളിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | ദേശീയ ഗെയിംസിനായി അനുവദിച്ച തുകയിൽ സ്റ്റേഡിയങ്ങളുടെ തുടർപരിപാലനത്തിനായി തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. |

Manj M

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

സംഗ്രഹം

കായികയുവജനകാര്യ വകുപ്പ് - 35-ാമത് ദേശീയ ഗെയിംസിനായി ഏറ്റെടുത്ത വേദികളുടെ ഗെയിംസിനുശേഷമുള്ള പരിപാലനം, ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**കായികയുവജനകാര്യ (എ) വകുപ്പ്**

**സ.ഉ.(കൈ)നം.09/15/കാ.യു.വ. തീയതി, തിരുവനന്തപുരം. 24.02.2015**

==========================================================================

**പരാമർശം** : 12.08.2014-ലെ സ. ഉ.(കൈ)നം.29/14/കാ.യു.വ

**ഉത്തരവ്**

35-ാമത് ദേശീയ ഗെയിംസ് സംസ്ഥാനത്തെ താഴെപ്പറയുന്ന 30 വേദികളിൽ വിജയകരമായി നടന്നുകഴിഞ്ഞു.

1. യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം
2. കാർഷിക കോളേജ് ഇൻഡോർ സ്റ്റേഡിയം, വെള്ളായണി, തിരുവനന്തപുരം
3. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം
4. CIAL കൺവെൻഷൻ സെന്റർ, എറണാകുളം
5. CIAL ഗോൾഫ് കോഴ്സ്, എറണാകുളം
6. ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം
7. ജവർഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, കൊച്ചി
8. കേരള പോലീസ് അക്കാഡമി, തൃശ്ശൂർ
9. LNCPE വെലോഡ്രോം, LNCPE ഇൻഡോർ കോർട്ട്, തിരുവനന്തപുരം
10. രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി
11. തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ
12. ചെറായി ബീച്ച്, എറണാകുളം
13. കോവളം ബൈപാസ്, തിരുവനന്തപുരം
14. കോഴിക്കോട് ബീച്ച്
15. ശംഖുംമുഖം ബീച്ച്, തിരുവനന്തപുരം
16. വേമ്പനാട്ട് കായൽ, ആലപ്പുഴ
17. വട്ടിയൂർകാവ് ഷൂട്ടിംഗ് റേഞ്ച്, തിരുവനന്തപുരം
18. സ്ക്വാഷ് കോർട്ട്, പാളയം, തിരുവനന്തപുരം

19. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട്
20. കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ
21. കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം
22. മെഡിക്കൽ കോളേജ് സ്റ്റേഡിയം, കോഴിക്കോട്
23. ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം
24. ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ
25. ഡോ.അംബേദ്കർ നീന്തൽക്കുളം, പിരപ്പൻകോട്, തിരുവനന്തപുരം
26. ശ്രീപാദം ഇൻഡോർ സ്റ്റേഡിയം, ആറ്റിങ്ങൽ
27. വി.കെ.എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ
28. വി.കെ.കെ.മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്
29. ഹോക്കി സ്റ്റേഡിയം, കൊല്ലം
30. ടെന്നിസ് സ്റ്റേഡിയം, കുമാരപുരം, തിരുവനന്തപുരം

ഈ വേദികളെല്ലാം പരാമർശ ഉത്തരവ് പ്രകാരം ദേശീയഗെയിംസിനായി ഏറ്റെടുത്തിട്ടുള്ളതാണ്.അതുകൊണ്ട് ഗെയിംസ് കഴിയുന്ന മുറയ്ക്ക് സ്റ്റേഡിയങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ ഗെയിംസിനായി ഏറ്റെടുത്തിട്ടുള്ള വേദികളുടെ പരിപാലനത്തിനായി താഴെപ്പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

1. ഇവയിൽ ക്രമനമ്പർ 1 മുതൽ 11 വരെയുള്ള വേദികളിൽ ദേശീയ ഗെയിംസിനായി വരുത്തിയ മാറ്റങ്ങൾ നിലനിർത്തി മെച്ചപ്പെട്ട രീതിയിൽ തുടർന്നും പരിപാലിക്കുമെന്ന ഉറപ്പിൽ അതത് ഉടമസ്ഥർക്ക് വിട്ടു നൽകുന്നു.
2. ക്രമനമ്പർ 12 മുതൽ 16 വരെയുള്ള സ്ഥലങ്ങളിൽ ഗെയിംസിനായി നിർമ്മിച്ച താത്കാലിക വേദികൾ മാറ്റുന്നതിന് ആവശ്യമായ നടപടികൾ നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് സ്വീകരിക്കേണ്ടതാണ്.
3. വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, തിരുവനന്തപുരം സ്ക്വാഷ് കോർട്ട്, ഹോക്കി സ്റ്റേഡിയം, കൊല്ലം എന്നിവയുടെ പരിപാലന ചുമതല സംസ്ഥാന പോലീസ് മേധാവിയിൽ താത്ക്കാലികമായി നിക്ഷിപ്തമാക്കുന്നു. 2015 മാർച്ച് 31 വരെ നടക്കുന്ന ഷൂട്ടിംഗ് മത്സരങ്ങൾക്ക് പ്രസ്തുത ഷൂട്ടിംഗ് റേഞ്ചിൽ ആവശ്യമായ ക്രമീകരണങ്ങൾ സംസ്ഥാന പോലീസ് മേധാവി ഏർപ്പെടുത്തേണ്ടതാണ്.
4. തിരുവനന്തപുരം ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പരിപാലനച്ചുമതല കായിക യുവജനകാര്യ ഡയറക്ടർ നിർവ്വഹിക്കുന്നതാണ്. കൂടാതെ ഈ സ്റ്റേഡിയം വരുമാനസ്രോതസ്സായി ഉപയോഗിക്കാനുതകുന്ന രീതിയിൽ ഒരു ചട്ടക്കൂട് സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് നടപ്പാക്കാൻ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

5. ക്രമ നമ്പർ 24,25,26,28 വരെയുള്ള സ്റ്റേഡിയങ്ങളുടെ പരിപാലനച്ചുമതല കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിക്ഷിപിതമാക്കുന്നു.

6. ക്രമനമ്പർ 19,20,21,22,27 എന്നിവ ഏറ്റെടുത്ത് അടുത്ത 2 മാസത്തേയ്ക്ക് (മാർച്ച് 31 വരെ) പരിപാലിക്കാൻ അതത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു. സിന്തറ്റിക് പ്രതലങ്ങളും, പുൽത്തകിടിയും പരിപാലിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശവും ആവശ്യമായ ധനസഹായവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകേണ്ടതാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ കോർപ്പറേഷനുകളുടെ അധീനതയിലുള്ള ക്രമനമ്പർ 19,20,21 സ്റ്റേഡിയങ്ങളുടെ സമയബന്ധിത അറ്റകുറ്റപ്പണികളും, ആവർത്തനച്ചെലവുകളും, പരിപാലനച്ചെലവുകളും നിർവ്വഹിക്കുന്നതിനും വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും അതത് തദ്ദേശസ്വയഭരണസ്ഥാപനങ്ങളുമായി ചർച്ചചെയ്ത് വിശദമായ ഒരു പദ്ധതിനിർദ്ദേശം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി സമർപ്പിക്കേണ്ടതാണ്. 29, 30 എന്നീ സ്റ്റേഡിയങ്ങളുടെ പരിപാലനചുമതലയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശവും മേൽനോട്ടവും കായികയുവജനകാര്യ ഡയറക്ടർ നൽകുന്നതാണ്.

7. ഗെയിംസ് വില്ലേജിലെ സാധന സാമഗ്രികൾ പുനരുപയോഗിക്കുന്ന രീതിയിൽ പരസ്യ ലേലം നടത്തി നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റിന്റെ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്ന പ്രക്രിയ പൂർത്തിയാകുന്നതുവരെ ഗെയിംസ് വില്ലേജിന്റെ സുരക്ഷാചുമതല CRPF-നെ ഏൽപ്പിക്കുന്നു. ഗെയിംസ് വില്ലേജിലെ സുരക്ഷാസംവിധാനം 2015 മാർച്ച് 31 വരെ തുടരുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**എം.ശിവശങ്കർ**
**ഗവൺമെന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം,
തൃശ്ശൂർ,കോഴിക്കോട്, കണ്ണൂർ.
ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ കോ-ഓർഡിനേറ്റർ,
ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ്.
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
ഡയറക്ടർ, കായികയുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ , ലക്ഷ്മി ബായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ
എഡ്യൂക്കേഷൻ, കാര്യവട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ്, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), തിരുവനന്തപുരം.
ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, സിയാൽ, കൊച്ചി.
രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം.
രജിസ്ട്രാർ , കാർഷിക സർവ്വകലാശാല, വെള്ളായണി, തിരുവനന്തപുരം.
സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി.
സെക്രട്ടറി, കോർപ്പറേഷൻ, തിരുവനന്തപുരം, കൊല്ലം,
എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.
സെക്രട്ടറി, റ്റി.എസ്.ജി.എ, തൃപ്രയാർ, തൃശ്ശൂർ.

സെക്രട്ടറി, റീജിയണൽ സ്പോർട്സ് സെന്റർ, കടവന്ത്ര, കൊച്ചി.
ധനകാര്യ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് (11.02.2015 - ലെ ഇനം നം. 6352 പ്രകാരം)
ആസൂത്രണസാമ്പത്തികകാര്യ വകുപ്പ്.
ഐ.എൽ & എഫ്.എസ്, കാര്യവട്ടം, (ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ
കോ-ഓർഡിനേറ്റർ, ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖാന്തിരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (എല്ലാ പത്ര-ദൃശ്യ - ശ്രവ്യ മാധ്യമങ്ങൾ മുഖേന വ്യാപക പ്രചരണത്തിനായി).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കായിക വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കായിക വകുപ്പുസെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

Manjm
സെക്ഷൻ ഓഫീസർ